# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 662 — 06.02.2013-ൽ മറുപടിക്ക്

### എം. എൻ ലക്ഷം വീട് നവീകരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ; | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാർ നടപ്പിലാക്കിയ എം. എൻ ലക്ഷം വീട് നവീകരണ പദ്ധതി തുടരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (എ) മുൻ സർക്കാർ നടപ്പിലാക്കിയ എം. എൻ ലക്ഷം വീട് നവീകരണ പദ്ധതി ഇപ്പോഴും തുടരുന്നുണ്ട്. |
| (ബി) എം. എൻ ലക്ഷം വീട് നവീകരണ പദ്ധതിക്കായി മുൻ സർക്കാർ ചെലവഴിച്ച തുക എത്രയാണെന്നും അതിനുവേണ്ടി ഈ സർക്കാർ ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ; | (ബി) പ്രസ്തുത പദ്ധതിക്കായി മുൻ സർക്കാർ ചെലവഴിച്ച തുക 36,86,96,712 രൂപയും, ഈ സർക്കാർ നാളിതുവരെ ചെലവഴിച്ച തുക 16,68,65,100 രൂപയും ആണ്. |
| (സി) ഭവന പദ്ധതികളിൽ എന്തെല്ലാം നവീകരിച്ച ആശയങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) അടിസ്ഥാന താമസ സൗകര്യങ്ങൾ ഉള്ള ചെറു വീടുകൾ (ഫ്ലാറ്റുകൾ) ഉൾക്കൊള്ളുന്ന പാർപ്പിട സമുച്ചയങ്ങൾ നിർമ്മിച്ച് ഗുണഭോക്തൃ വിഹിതം ഈടാക്കി ഭൂരഹിത/ഭവനരഹിതർക്ക് വിതരണം ചെയ്യുന്നതിന് സാഫല്യം ഭവന പദ്ധതിയ്ക്ക് സർക്കാർ ഇതിനകം തുടക്കം കുറിച്ചിട്ടുണ്ട്. ഇതിനു പുറമേ സ്വന്തമായി 2, 3 സെന്റ് ഭൂമിയെങ്കിലുമുള്ളവർക്കായി സന്നദ്ധ സംഘടനകൾ/സർക്കാരിതര സ്ഥാപനങ്ങൾ/കാരുണ്യവാന്മാരായ മഹത് വ്യക്തികൾ എന്നിവരുടെ പങ്കാളിത്തത്തോടെ ഗൃഹശ്രീ ഭവന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.<br><br>കൊച്ചി പനമ്പിള്ളി നഗറിലും, തിരുവനന്തപുരം അമ്പലനഗറിലും ഗുണഭോക്താക്കളെ മുൻകൂട്ടി കണ്ടെത്തി പാരസ്പര്യ ഭവന പദ്ധതി പ്രകാരം ഹരിത ഭവനം പദ്ധതി ഉടൻ നടപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ